# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3842 17.10.2011-ൽ മറുപടിയ്ക്ക്

**ആദിവാസികളെ അന്യ സംസ്ഥാനങ്ങളിലേക്ക് ജോലിക്ക് കൊണ്ടു പോകുന്നത് തടയാൻ നിയമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും<br>യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും<br>വകുപ്പു മന്ത്രി) |
| (എ) വയനാട് ജില്ലയിൽ നിന്ന് അന്യസംസ്ഥാനങ്ങളായ കർണ്ണാടകത്തിലും തമിഴ്നാട്ടിലും പോയ ആദിവാസി വിഭാഗത്തിൽപ്പെടുന്ന 30 ഓളം പേർ പല ഘട്ടങ്ങളിലായി അവിടെവെച്ച് മരിക്കാൻ ഇടയായിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) മറ്റ് സംസ്ഥാനത്ത് വച്ച് മരണപ്പെട്ടത് മൂലം അവിടെ പോസ്റ്റ്മോർട്ടം നടത്തിയത് കൊണ്ടും കേരളത്തിൽ മരണം രജിസ്റ്റർ ചെയ്യാൻ കഴിയുന്നില്ല എന്നും മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുവാൻ സാദ്ധ്യതയില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. മരണം കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നില്ലെങ്കിലും അന്യ സംസ്ഥാനങ്ങളിൽ ജോലിക്കു പോയി മരണപ്പെടുന്ന ആദിവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള ആംബുലൻസ് വാടക, ശവസംസ്കാര ചെലവുകൾ എന്നിവ നൽകുന്നതിന് തടസ്സങ്ങൾ ഇല്ല |
| (സി) അന്യ സംസ്ഥാനങ്ങളിൽ ആദിവാസി വിഭാഗത്തിൽപെട്ട ആളുകളെ ജോലിക്ക് കൊണ്ട് പോകുന്നത് തടയാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ.